**സബ്മിഷൻ**

(1) നവകേരളസദസ്സ് പ്രതിഷേധവുമായി ബന്ധപ്പെട്ട കോടതി ഉത്തരവ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കല്ല്യാശ്ശേരിയിൽ നവകേരളസദസ്സിനെതിരെ പ്രതിഷേധിച്ച യുവജനസംഘടനാ പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചവർക്കെതിരെ അന്നത്തെ കല്ല്യാശ്ശേരി പോലീസ് കേസെടുത്തു. കമ്പിവടികൊണ്ടും ചെടിച്ചട്ടി കൊണ്ടും അവരെ വധിക്കാൻ ശ്രമിച്ചുവെന്ന് ഉന്നയിച്ച് വധശ്രമത്തിന് കല്ല്യാശ്ശേരി പോലീസ് കേസെടുത്തു. പോലീസ് വധശ്രമത്തിന് കേസെടുത്ത സംഭവത്തിൽ അത് വധശ്രമമായിരുന്നില്ലെന്നും മറിച്ച് രക്ഷാപ്രവർത്തനമായിരുന്നുവെന്നും ഇനിയുമത് തുടരണമെന്നും കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദൗർഭാഗ്യവശാൽ ഒരു അഭിപ്രായപ്രകടനം നടത്തി. പോലീസ് വധശ്രമത്തിന് എടുത്ത കേസിന്മേലാണ് ആഭ്യന്തര വകുപ്പിന്റെ ചുമതലകൂടിയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് വധശ്രമമല്ല, രക്ഷാപ്രവർത്തനമാണെന്ന് പറയുന്നത്. ഞങ്ങൾ അന്നുമുതൽ അതിനെ അതിശക്തമായി എതിർത്തു. അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയതിനുശേഷം നവകേരളസദസ്സ്

തിരുവനന്തപുരത്ത് എത്തുന്നതുവരെ വ്യാപകമായ അക്രമമാണ് വഴിയരികിൽനിന്ന് കരിങ്കൊടി കാണിച്ച് സമാധാനപരമായ പ്രതിഷേധം നടത്തിയ ഞങ്ങളുടെ പ്രവർത്തകർക്കെല്ലാമുണ്ടായത്. ആലപ്പുഴ ജില്ലയിൽ പ്രതിഷേധം പ്രകടിപ്പിച്ച അജയ് ജ്യൂവൽ കുര്യാക്കോസിനെയും തോമസിനെയും പോലീസ് കസ്റ്റഡിയിലെടുത്തു. എന്നാൽ, പുറകിലൂടെ വന്ന വാഹനത്തിൽ നിന്നിറങ്ങിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗൺമാൻ ഉൾപ്പെടെയുള്ളവർ പോലീസ് കസ്റ്റഡിയിലുണ്ടായിരുന്ന ഇവരെ ക്രൂരമായി മർദ്ധിച്ചു. ടി സംഭവത്തിനെതിരെ ഞങ്ങൾ പരാതി കൊടുക്കുകയും ആയതിന്മേൽ അന്വേഷണം നടത്തുകയും ചെയ്തു. അന്വേഷം പൂർത്തിയാക്കിയ പോലീസ് ഇപ്പോൾ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ അങ്ങനെയൊരു സംഭവം നടന്നുവെന്നതിന് യാതൊരു തെളിവുമില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളും അതിന്റെ വിഷ്വൽസ് കണ്ടതാണ്. അവരെ പരസ്യമായി മർദ്ധിക്കുന്നതിന്റെ വിഷ്വൽസ് ഞാൻ എന്റെ ഫെയ്സ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും പോസ്റ്റ് ചെയ്തിട്ടുണ്ട്. എന്നിട്ടുപോലും യാതൊരു തെളിവുമില്ലെന്നാണ് പോലീസ് റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. എന്തൊരു

നീതിന്യായ സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അക്രമങ്ങൾ വ്യാപകമായി നടക്കുകയാണ്. ഞങ്ങൾ എറണാകുളം ജില്ലാ കോൺഗ്രസ് പ്രഡിഡന്റ് ശ്രീ. മുഹമ്മദ് ഷിയാസ് കൊടുത്ത കേസിൽ മുഖ്യമന്ത്രിക്കെതിരായി കേസെടുത്ത് അന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട എറണാകുളം CJM കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ഞങ്ങൾ കോടതിയുടെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം മുഖ്യമന്ത്രിയുടെ ഗൺമാനെതിരായി കേസന്വേഷിച്ചപ്പോൾ മുട്ടിടിച്ചുപോയ പോലീസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി സത്യസന്ധമായ അന്വേഷണം നടത്തില്ല. അതുകൊണ്ട് ഈ വിഷയത്തിൽ സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഒരു അക്രമാഹ്വാനത്തിനുള്ള പ്രേരണയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയതെന്നതിൽ സംശയമില്ല. സത്യസന്ധവും നീതിപൂർവ്വവുമായൊരു അന്വേഷണം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോലീസ്

മേധാവികളും അനാവശ്യമായി ഈ വിഷയത്തിൽ ഇടപെടരുതെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുകയും നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ചെയ്ത നവകേരള സദസ്സ് ജനാധിപത്യ ഭരണ നിർവഹണ ചരിത്രത്തിലെ സവിശേഷ അധ്യായമായി മാറുകയുണ്ടായി. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഇത് നടപ്പാക്കാനാണ് സർക്കാർ ആഗ്രഹിച്ചത്. നവകേരള സദസ്സിനോടനുബന്ധിച്ചുണ്ടായ ചില ക്രമസമാധാനപ്രശ്നങ്ങളും മറ്റും ചൂണ്ടിക്കാണിച്ച് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ 2024 ഏപ്രിൽ രണ്ടിന് ഒരു പരാതി ഫയൽ ചെയ്തിരുന്നു. പരാതിയുമായി മുന്നോട്ടുപോകാൻ മതിയായ കാരണങ്ങളുണ്ടോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് Cr.P.C. 202(1) വകുപ്പുപ്രകാരം പോലീസിനോട് കോടതി ഉത്തരവായിട്ടുള്ളത്. സ്വകാര്യ അന്യായങ്ങൾ മുന്നിലെത്തുമ്പോഴുള്ള

കോടതിയുടെ സ്വാഭാവിക നടപടി മാത്രമാണിത്. പഴയ ക്രിമിനൽ നിയമപ്രകാരം സ്വകാര്യ അന്യായത്തിൽ പോലീസ് അന്വേഷണം നടത്താൻ ഉത്തരവിടുന്നത് Cr.P.C സെക്ഷൻ 156(3) പ്രകാരമാണ്. എന്നാൽ കോടതി അത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## അറുന്നൂറ്റിമംഗലം ആശുപത്രിക്ക് കുടുംബാരോഗ്യപദവിയും കുറവിലങ്ങാട് താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടവും

ശ്രീ. മോൻസ് ജോസഫ്: സർ, ആരോഗ്യ വകുപ്പ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ പുന:ക്രമീകരിച്ചപ്പോൾ നിരവധി സ്ഥലങ്ങളിൽ അപാകതകൾ സംഭവിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിലുൾപ്പെട്ട ആരോഗ്യ വകുപ്പിനുകീഴിലുള്ള അറുന്നൂറ്റിമംഗലം ഗവൺമെന്റ് ആശുപത്രിക്ക് കടുത്തുരുത്തി ബ്ലോക്ക് തലത്തിലുള്ള പ്രഥമ കുടുംബാരോഗ്യ കേന്ദ്ര പദ്ധതി നഷ്ടപ്പെട്ടതായിട്ടാണ് ജില്ലാ മെഡിക്കൽ ഓഫീസർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിലൂടെ വന്നിരിക്കുന്നത്. കടുത്തുരുത്തി മണ്ഡലത്തിൽ തന്നെ ഇതുപോലെ കുറവിലങ്ങാട് ആശുപത്രിയടക്കം വിവിധ സ്ഥലങ്ങളിൽ ഈ പ്രഥമ കുടുംബാരോഗ്യ പദവി നഷ്ടപ്പെടാനിടയായ സാഹചര്യമുണ്ടായിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക്

ഇതുസംബന്ധിച്ച് നിവേദനം സമർപ്പിക്കുകയും കത്ത് നൽകുകയും ചെയ്തിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർമാരാണ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയിരിക്കുന്നത്; എം.എൽ.എ.-മാരുമായി യാതൊരു കൂടിയാലോചനയും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. അതുകൊണ്ട് നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ നഷ്ടപ്പെടുമോയെന്ന ആശങ്ക പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതിനുമുമ്പ് ടി ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായും കുടുംബാരോഗ്യ കേന്ദ്രമായും അപ്ഗ്രേഡ് ചെയ്തത് കാലാകാലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിമാർക്ക് സാമാജികരെന്ന നിലയിൽ ഞങ്ങളൊക്കെ ഇടപ്പെട്ട് സമർപ്പിച്ച നിവേദനങ്ങൾ സർക്കാർ പരിഗണിച്ചതുകൊണ്ടാണ്. എന്നാൽ കഴിഞ്ഞ പ്രാവശ്യത്തെ കോവിഡിനെത്തുടർന്ന് ഈ അറുനൂറ്റിമംഗലം ആശുപത്രിയിൽ ഗവൺമെന്റ് നിർദേശപ്രകാരം എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിട സമുച്ചയമുൾപ്പടെ അവിടെ പകർച്ചവ്യാധികൾ പിടിപെട്ട രോഗികളെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ, ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇറക്കിയ

ഈ ഉത്തരവിലൂടെ നടത്തുന്ന പുന:ക്രമീകണത്തിലൂടെ നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുമോയെന്ന ആശങ്ക ഉയർന്നതിനെത്തുടർന്ന് നിരവധി സമരങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെഭാഗമായി പൊതുജനങ്ങളും വിവിധ സംഘടനകളുമുൾപ്പെടെ സമരരംഗത്ത് വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ ഉത്തരവ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രത്യേകമായി പരിശോധിക്കാൻ തയ്യാറാകണം. ഈ ഉത്തരവ് ഫ്രീസ് ചെയ്തുകൊണ്ട് പരാതികളുള്ള സ്ഥലങ്ങളിൽ അത് കേൾക്കുവാനും ബന്ധപ്പെട്ട എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാനും തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. അറുനൂറ്റിമംഗലം പ്രഥമ കുടുംബാരോഗ്യകേന്ദ്രമെന്ന പദവി നിലനിർത്തുന്നതിനുള്ള സാഹചര്യങ്ങൾ സർക്കാർ ചെയ്യണമെന്ന് അഭ്യർഥിക്കുന്നു. അതോടൊപ്പംതന്നെ കടുത്തുരുത്തി മണ്ഡലത്തിൽപ്പെട്ട കുറുവിലങ്ങാട് താലൂക്കാശുപത്രിയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സന്ദർശനം നടത്തിയത് വലിയൊരനുഗ്രഹമായി ഞാൻ കരുതുകയാണ്. കാരണം, അതേത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം ബഹുമാനപ്പെട്ട മന്ത്രി വിളിപ്പിച്ചിട്ടുണ്ട്. അവിടെ

കിഫ്ബിയിലൂടെ ഹൗസിംഗ് ബോർഡ് തയ്യാറാക്കിയൊരു സ്കീമിന് 32 കോടി രൂപ അനുവദിച്ചിട്ട് ഇപ്പോൾ ഏഴ് വർഷം പൂർത്തിയായെങ്കിലും ആയതിന്റെ തുടർനടപടികളിലേയ്ക്ക് കടക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചൊരു പദ്ധതിയുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കുറവിലങ്ങാട് താലൂക്കാശുപത്രിക്ക് പുതിയൊരു കെട്ടിടമെന്ന ആവശ്യം സാക്ഷാത്കരിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ബഹുമാനപ്പെട്ട അംഗം ആശങ്ക പ്രകടിപ്പിച്ചപോലെ ടി കുടുംബാരോഗ്യ കേന്ദ്രത്തിലെ കിടത്തി ചികിത്സ സംവിധാനമോ ഡോക്ടർമാരെയോ നേഴ്സുമാരെയോ ഒന്നുംതന്നെ നഷ്ടപ്പെട്ടുപോകുകയോ മറ്റൊരു ആരോഗ്യ കേന്ദ്രത്തിന് അത് കൊടുക്കുകയോ ചെയ്തിട്ടില്ല. ഇവിടെ സംഭവിച്ചത് മറ്റൊരു കാര്യമാണ്. അതായത്, ആരോഗ്യ വകുപ്പ് വർഷങ്ങളായി നേരിട്ട ഭരണപരമായിട്ടുള്ളൊരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ആരംഭിച്ചത്. ഹെൽത്ത് ബ്ലോക്കുകളും റവന്യൂ ബ്ലോക്കുകളുമുണ്ടായിരുന്നു.

ആരോഗ്യ വകുപ്പിന്റെ ഹെൽത്ത് ബ്ലോക്കുകളിൽ പലരീതിയിലുള്ള അപാകതകളുമുണ്ടായിരുന്നു. ചില ഹെൽത്ത് ബ്ലോക്കിൽ പത്ത് പഞ്ചായത്തുകളും മറ്റുചില ഹെൽത്ത് ബ്ലോക്കിൽ രണ്ടോ മൂന്നോ പഞ്ചായത്തുകളും മാത്രമെ ഉൾപ്പെട്ടിരുന്നുള്ളൂ. ഈ കാലഘട്ടത്തിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകേന്ദ്രങ്ങളെ തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ കൊണ്ടുവന്ന് വികസനം സാധ്യമാക്കുന്നൊരു സാഹചര്യത്തിൽ ഹെൽത്ത് ബ്ലോക്കുകളും റവന്യൂ ബ്ലോക്കുകളും രണ്ടായി നിലനിൽക്കുന്നത് ഭരണപരമായ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. മുനിസിപ്പൽ കോർപ്പറേഷൻ മേഖലയിലും അത്തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയിലാണ് ഏറ്റവും കൂടുതൽ പകർച്ചവ്യാധികളുണ്ടാകുന്നത്. പക്ഷേ, പഞ്ചായത്ത് തലത്തിൽ നടക്കുന്നതുപോലുള്ള പ്രവർത്തനങ്ങൾ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയിൽ ഉണ്ടാകുന്നില്ല; അതിന് കാരണം മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും ഹെൽത്ത് ജീവനക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജീവനക്കാരാണ്. ആരോഗ്യ വകുപ്പിന്റെ

ജീവനക്കാരല്ല. അതുകൊണ്ട് അവിടത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പിന് നേരിട്ടിടപെടുന്നതിനുള്ള തടസ്സം നിലനിൽക്കുന്നുണ്ട്. വർഷങ്ങളായി നിലനിൽക്കുന്ന ഈ രണ്ട് പ്രശ്നങ്ങളെയും അഡ്രസ് ചെയ്യുന്നതിനുള്ള തുടക്കമാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചത്. ഹെൽത്ത് ബ്ലോക്കും റവന്യൂ ബ്ലോക്കും ഏകീകരിക്കുന്നതിന് കഴിയുമോയെന്നത് പരിശോധിക്കുന്നതിനാണ് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയത്. അതിനൊരു ഫൈനൽ തീരുമാനമായിട്ടില്ല. ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച അതേ ആശങ്ക പിറവം എം.എൽ.എ.-യും ഇവിടെ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കടുത്തുരുത്തി ബ്ലോക്കിലെ അറുന്നൂറ്റിമംഗലം ആരോഗ്യ കേന്ദ്രത്തെ 2018-ൽ ആർദ്രം മിഷന്റെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുകയുണ്ടായി. കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനം തുടർന്നും കുടുംബാരോഗ്യ കേന്ദ്രമായി തന്നെ പ്രവർത്തിക്കുന്നതാണ്. അതുമാത്രമല്ല, തലയോലപ്പറമ്പിലെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിറങ്ങുന്നത് 2020-ലാണ്. അതുകൊണ്ട് ടി

ആശുപത്രിക്ക് ഒരുതരത്തിലുമുള്ള സൗകര്യങ്ങൾ നഷ്ടമാകില്ല. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ അദ്ദേഹം ഉന്നയിച്ച വിഷയം കൂടി കണക്കിലെടുത്ത് സർക്കാർ വിശദമായി പരിശോധിച്ചശേഷം മാത്രമെ ഇക്കാര്യങ്ങൾ നടപ്പിലാക്കുകയുള്ളൂ.

## കുറ്റ്യാടി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വടകര താലൂക്കിന്റെ കിഴക്കൻ മലയോരമേഖലകളിലുള്ള ഏക സർക്കാർ ആതുരാലയമാണ് കുറ്റ്യാടി താലൂക്കാശുപത്രി. കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള ഏഴ് പഞ്ചായത്തുകൾ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനുകീഴിലെ ചങ്കരോത്ത് പഞ്ചായത്തും വയനാട് ജില്ലയിലെ തൊണ്ടനാട് വെള്ളമുണ്ട പഞ്ചായത്തും ഉൾപ്പെടെയുള്ള പത്ത് പഞ്ചായത്തുകളിലെ ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. പ്രതിദിനം ശരാശരി 1000 പേർ ഒ.പി.യിൽ എത്താറുള്ള ടി ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ഏകദേശം 250 പേരാണുള്ളത്. ആകെ 104 ബെഡ്ഡുകളുള്ള ആശുപത്രിയാണത്. ഒരു മാസം ശരാശരി 550 സർജറികൾ നടക്കുന്ന ടി ആശുപത്രിയിൽ 3 ഷിഫ്റ്റുകളിലായി

ഏതാണ്ട് 77 പേർക്ക് ഡയാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ടി ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും സി.എച്ച്.സി.-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതുമാത്രമല്ല, നിലവിൽ അവിടെ അഞ്ച് ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത്. അവിടത്തെ ഒരു ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ അനധികൃത ലീവിലുമാണ്. ഇതിനുപുറമെ, അവിടെ അസിസ്റ്റന്റ് സർജന്റെ ഒരൊഴിവുണ്ട്. കാഷ്വാലിറ്റി ഓഫീസർ തസ്തികയിലുള്ള നാല് പേരിൽ രണ്ടുപേരും അവധിയെടുത്തിരിക്കുകയാണ്. മാത്രമല്ല, രണ്ട് ഗൈനക്കോളജിസ്റ്റുമാരെ നിയമിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഒരാൾ ലീവിലാണ്. ഇതിനുപുറമെ, അനുബന്ധ സ്റ്റാഫിന്റെ ഒഴിവുൾപ്പെടെ ആകെ പത്തൊഴിവാണ് ടി താലൂക്കാശുപത്രിയിൽ നിലവിലുള്ളത്. ഒരാശുപത്രിയിൽ ഇത്രയധികം സ്റ്റാഫിന്റെ ഒഴിവുകൾ വന്നാൽ പിന്നെ എങ്ങനെയാണ് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നത്. രണ്ട് ഗൈനക്കോളജിസ്റ്റും അനസ്തേഷ്യ വിഭാഗം ഡോക്ടറും പീഡിയാട്രിക്സ് സർജനും മാത്രമല്ല, അത്യാധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്ററും ബ്ലോക്ക് പഞ്ചായത്ത് അവിടെ തയ്യാറാക്കിയിട്ടുണ്ട്. പക്ഷെ,

ഇതൊക്കെയുണ്ടായിട്ടും മൂന്ന് വർഷമായി പ്രസവ വാർഡ് അടഞ്ഞ് കിടക്കുകയാണ്. ഇതിന്റെ ഫലമായി അവിടത്തെ ആളുകൾ വലിയ പ്രയാസം നേരിടുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗക്കാരുൾപ്പെടെയുള്ള പാവപ്പെട്ട ആളുകൾ വളരെ അകലെയുള്ള വടകരയിലേയും കോഴിക്കോട്ടുമുള്ള സർക്കാർ ആശുപത്രികളെ സമീപിക്കേണ്ട സാഹചര്യമാണുള്ളത്. ഇത്തരം പാവപ്പെട്ട ആളുകൾക്ക് സ്വകാര്യ ആശുപത്രിയിൽ പോയി പ്രസവം നടത്താൻ കഴിയില്ലല്ലോ; എന്നാൽ, പോയവരുടെ കഥ വളരെ ദയനീയവുമാണ്. അതുകൊണ്ട് ഈ ആശുപത്രിയിൽ അടിയന്തരമായി പ്രസവസൗകര്യം ഏർപ്പെടുത്താനാവശ്യമായ, നോർമൽ ഡെലിവറിയെങ്കിലും നടത്തുന്ന ഒരാശുപത്രിയായി കുറ്റ്യാടി താലൂക്കാശുപത്രിയെ മാറ്റണമെന്നും അവിടെ നിലനിൽക്കുന്ന ഒഴിവുകൾ മുഴുവൻ നികത്താനാവശ്യമായ നടപടികളെടുക്കണമെന്നും ആവശ്യപ്പെടുകയാണ്. താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കാനാവശ്യമായ നടപടികളും കൂടി സ്വീകരിക്കണമെന്ന് വിനയപൂർവം ഈ സഭയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാറ്റ്യാടി താലൂക്കാശുപത്രിയിലെ രണ്ട് ഒഴിവുകളിൽ അതായത് അസിസ്റ്റന്റ് സർജൻ, ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികകളിലേയ്ക്കുമാത്രമാണ് നിയമനം നടത്താനുള്ളത്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പുതിയ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഉടൻതന്നെ നിയമനം നടത്തുന്നതാണ്. ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ തസ്തികയിലേയ്ക്കുള്ള ഒഴിവ് പ്ലേസ്മെന്റ് മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ രണ്ട് ഒഴിവുകളിലേയ്ക്കു മാത്രമാണ് നിയമനം നടത്താനുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ, സി.എം.ഒ. പോസ്റ്റിൽ നിയമനം നടത്തിയിട്ടും അവധിയെടുത്ത് പോകുന്നുവെന്നുള്ളത് ശരിയായ കാര്യമാണ്. ഇതിൽ പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ആരോഗ്യ വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനമായിരുന്നു അൺ ഓഥറൈസ്ഡ് ആബ്സൻസുള്ള മുഴുവൻ പേരെയും കണ്ടെത്തുകയെന്നത്, അതുമായി ബന്ധപ്പെട്ട ഏറ്റവും വലിയ ഡ്രൈവാണ് ഇപ്പോൾ വകുപ്പ്

നടത്തിക്കൊണ്ടിരിക്കുന്നത്. കുറ്റ്യാടിയിൽ തുടക്കംമുതൽ ഈ വിഷയമുണ്ടായിരുന്നു. കോഴിക്കോട് ജില്ലയിലുള്ളവരെ അവിടെ നിയമിക്കുന്നതിന് ശ്രമിക്കുമ്പോൾ അവിടേയ്ക്ക് പോകില്ല, ടൗണിലേയ്ക്ക് മാത്രമേ പോകൂ കുറ്റ്യാടിയിൽ പോകില്ലെന്ന നിലപാട് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അതൊരു തെറ്റായ നിലപാടാണ്. ഏത് സർക്കാർ സർവീസായാലും കേരളത്തിൽ എവിടെയും ജോലി ചെയ്യുന്നതിന് തയ്യാറാകണം. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈ ആശുപത്രിയിൽ എത്തിച്ചേരുന്ന ശരാശരി ഒ.പി.-ക്കാരുടെ എണ്ണം ആയിരമാണ്. അതിൽ 104 ബെഡ്ഡുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. മുപ്പതോളം രോഗികൾക്കാണ് പ്രതിദിനം ഐ.പി. സേവനം ലഭ്യമാക്കുന്നത്. 993 ഡയാലിസിസ് സേവനമാണ് നൽകിവരുന്നത്. കൂടാതെ ഓർത്തോ, പീഡിയാട്രിക്, ഒഫ്ത്താൽമോളജി, സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, അനസ്തേഷ്യ, ദന്തൽ തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ സേവനം നൽകുന്നു. സൂപ്രണ്ട്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ-2, ജൂനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി-2, ജൂനിയർ കൺസൾട്ടന്റ്

ഒഫ്ത്താൽമോളജി-1, ജെ.സി. സർജറി, ജെ.സി. ഓർത്തോ, ജെ.സി. അനസ്തേഷ്യ, ജെ.സി. പീഡിയാട്രിക്സ്, അസിസ്റ്റന്റ് സർജൻ-2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4, അസിസ്റ്റന്റ് ദന്തൽ സർജൻ-1 എന്നീ വിവിധ വിഭാഗം ഡോക്ടർമാരുൾപ്പെടെ സ്ഥിരം ജീവനക്കാരുടെ 93 അംഗീകൃത തസ്തികകളാണുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന 19 പേരെയും എച്ച്.എം.സി., ആർ.എസ്.ബി.വൈ., എൽ.എസ്.ജി.ഡി. മുഖാന്തരം നിയമിച്ചിട്ടുള്ള 57 ജീവനക്കാരുൾപ്പെടെ ആകെ 77 താൽക്കാലിക ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. മൊത്തം 169 ജീവനക്കാരുടെ സേവനമാണ് ഈ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഗൈനക്കോളജി വിഭാഗത്തിൽ 2 പോസ്റ്റുകളാണുള്ളത്. അതിൽ ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. അതിൽ ഒരാൾ അനധികൃത ലീവിലാണ്. ഇപ്പോൾ പൊതുവിൽ സർക്കാർ നൽകിയിരിക്കുന്ന നിർദേശം പതിനഞ്ച് ദിവസത്തിൽ കൂടുതൽ ഒരാൾ ജോലി നിർവഹിക്കുന്നതിനായി എത്തിയില്ലെങ്കിൽ അത് അനധികൃത ലീവായി കണക്കാക്കി സർക്കാരിലേയ്ക്ക് റിപ്പോർട്ടുചെയ്യണമെന്നാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ

പ്രധാനപ്പെട്ട വിഷയമാണ്. ഒരാൾ അനധികൃത ലീവെടുക്കുന്ന സാഹചര്യത്തിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഒന്നാമത്തെ ആളിന്റെ പേരിൽ കേസ്സുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനെ പലപ്പോഴും ബുദ്ധിമുട്ടിലാക്കുന്ന ഒരു വിഷയംകൂടിയാണിത്. അതുകൊണ്ട് എൻ.എച്ച്.എം. മുഖേന ഗൈനക്കോളജിസ്റ്റുകളെ നിയമിക്കുന്നതിന് പല തവണ ഇന്റർവ്യൂ നടത്തി. ഒരു ഘട്ടത്തിൽ നാല് ഗൈനക്കോളജിസ്റ്റിനെവരെ അവിടെ അനുവദിച്ചിട്ടുണ്ടായിരുന്നു. പക്ഷെ, പലതവണ ഇന്റർവ്യൂ നടത്തിയിട്ടും ഒരു ഗൈനക്കോളജിസ്റ്റിനെ ലഭിക്കാത്ത സാഹചര്യവുമുണ്ട്. നിലവിൽ അനധികൃത ലീവിലുള്ള വ്യക്തിക്കെതിരെ നടപടിയെടുത്തുകൊണ്ട് അടിയന്തരമായി മറ്റൊരാളെക്കൂടി നിയമിച്ചിട്ടുണ്ട്. അവിടെ അനസ്തേഷ്യസ്റ്റിന്റെ സേവനവും ലഭ്യമാണ്. ഗൈനക്കോളജിസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് പല ആശുപത്രികളിലും ഇങ്ങനെയൊരു പ്രവണത കണ്ടുവരുന്നുണ്ട്; സ്വകാര്യ മേഖലയിൽ രണ്ട് ഗൈനക്കോളജിസ്റ്റുകളുണ്ടെങ്കിൽ നൂറിലധികം പ്രസവങ്ങളെടുക്കും. സർക്കാർ മേഖലയിൽ വരുമ്പോൾ അതിന് കഴിയില്ല,

അതിലും കൂടുതൽ വേണമെന്ന് പറയുന്നത് മനസ്സിലാക്കാൻ സാധിക്കാത്ത കാര്യമാണ്. അതുകൊണ്ട് സംഘടനകളുമായി സംസാരിച്ച്, കേരളത്തിൽ ആരോഗ്യ വകുപ്പ് നേരിടുന്ന ഈയൊരു പ്രശ്നം പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഈ വ്യക്തിക്കെതിരെ നടപടിയെടുത്തുകൊണ്ട് അവിടെ ആളെ നിയമിക്കാവുന്നതാണ്.

**സർവീസ് പെൻഷൻ, ക്ഷേമ പെൻഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ്**

ഡോ. എൻ. ജയരാജ്: സർ, സംസ്ഥാനത്ത് സർവീസ് പെൻഷൻ ലഭിക്കുന്ന ഉപഭോക്താക്കൾ ഇപ്പോൾ പെൻഷനുവേണ്ടി ധനകാര്യ സ്ഥാപനങ്ങളെയും വിതരണ കേന്ദ്രങ്ങളെയുമാണ് ആശ്രയിക്കുന്നത്. ഇപ്പോൾ വർഷാവർഷങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന മസ്റ്ററിംഗിന് അവർ നേരിട്ട് മസ്റ്ററിംഗ് കേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ടതായുണ്ട്. പ്രായാധിക്യവും ശാരീരികമായ ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ഇവർക്ക് പലപ്പോഴും പ്രസ്തുത കേന്ദ്രങ്ങളിൽ നേരിട്ടെത്തിച്ചേരുന്നതിന് പല ബുദ്ധിമുട്ടുകളുമുണ്ടാകും. ഇത്തരത്തിലുള്ള വളരെ ചെറിയൊരു വിഭാഗം ആൾക്കാർ മാത്രമേയുണ്ടാകൂ.

അതുകൊണ്ട് അവരുടെ ഭാഗത്തുനിന്നുമുള്ളൊരു നിർദേശം, മസ്റ്ററിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ വാതിൽപ്പടി സേവനമായി ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ്. ഇതുമായി ബന്ധപ്പെട്ട ചില സേവനങ്ങൾ പോസ്റ്റാഫീസ് മുഖാന്തരം ലഭിക്കുന്നുണ്ട്. എന്നാൽ ട്രഷറി മുഖാന്തരം ആ സൗകര്യം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. വലിയൊരു വിഭാഗത്തിന്റെ ഈ പ്രശ്നത്തിൽ അനുഭാവപൂർണ്ണമായൊരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ബാലഗോപാൽ): സർ, 2022-23-ലെ ബജറ്റിൽ ശയ്യാവലംബരായ 80 വയസ് കഴിഞ്ഞ കുടുംബ പെൻഷൻകാർക്ക് വാതിൽപ്പടി സേവനം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച ഉത്തരവ് നടപ്പാക്കാനാവശ്യമായ നിർദേശം നൽകിക്കഴിഞ്ഞു. സർവീസ് പെൻഷൻകാർക്ക് നിലവിൽ ബാങ്ക്/ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റാവുന്നതാണ്. മിനിമം പെൻഷൻ വാങ്ങുന്നവർക്കും 75 വയസ് കഴിഞ്ഞവർക്കും അനാരോഗ്യമുള്ളവർക്കും അംഗ വൈകല്യമുള്ളവർക്കും

മാനസികാസ്വാസ്ഥ്യമുള്ളവർക്കും സർക്കാർ ചെലവിൽ പെൻഷൻ മണിയോർഡറായി അയച്ചുകൊടുക്കുന്ന സംവിധാനമുണ്ട്. സാമൂഹിക സുരക്ഷാ പെൻഷൻകാർക്ക് ബാങ്ക് അക്കൗണ്ട് വഴിയോ പ്രാഥമിക വായ്പാ സംഘങ്ങൾ/മറ്റ് വായ്പാ സംഘങ്ങൾ മുഖേനയോ പ്രതിമാസ ക്ഷേമ പെൻഷൻ നേരിട്ടെത്തിക്കുന്ന രീതി 2016-17 മുതൽ നടപ്പാക്കിവരുന്നുണ്ട്. കിടപ്പുരോഗികൾ 80 വയസ്സിനുമുകളിൽ പ്രായമുള്ളവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായവർക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ വാർഷിക മസ്റ്ററിംഗിനായി അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പുരോഗികൾ, 80 വയസിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം അറിയിക്കുന്നപക്ഷം അക്ഷയ കേന്ദ്ര പ്രതിനിധികൾ വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക സുരക്ഷാ പെൻഷൻകാർക്കുൾപ്പെടെ ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ വാതിൽപ്പടി സേവനമെന്ന നിലയിൽ പെൻഷൻകാർക്കും ഈ സൗകര്യം

ലഭ്യമാകുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. അതിൽ പ്രായോഗികമായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതും പരിഹരിക്കാവുന്നതാണ്.

**എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കൽ**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എം.എൽ.എ. ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനുള്ള നിർദേശം നൽകുമ്പോൾ അതിന്റെ സങ്കീർണ്ണമായ മാനദണ്ഡങ്ങൾ കാരണം വർഷങ്ങളെടുക്കുകയാണ് ഈ കാര്യം പ്രാവർത്തികമാക്കാൻ. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ്. ചളവ, ജി.എം.എൽ.പി. സ്കൂൾ അരിയൂർ എന്നീ സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ബസ് വാങ്ങുന്നതിന് നിർദേശം നൽകുന്നത് 2023-24 സാമ്പത്തിക വർഷത്തിലാണ്. അതുപ്രകാരം 21-08-2023-ന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും ജില്ലാ കളക്ടർ 44,66,098 രൂപയുടെ ഭരണാനുമതി നൽകി ഡി.ഡി.-ക്കു കൊടുക്കുകയും ചെയ്തു. അതവിടെനിന്നും തിരുവനന്തപുരത്ത് വന്ന്

22-01-24-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അവിടെനിന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും ഫയൽ പോയി. പിന്നെ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ധനകാര്യ നോഡൽ സി സെക്ഷനിലേയ്ക്ക് അനുമതിക്കുവേണ്ടി കൈമാറുകയും 09-08-2024-ൽ അതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ഉത്തരവുപ്രകാരം പ്രസ്തുത സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തിയാക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ജില്ലാ ഡയറക്ടർക്ക് അനുമതി ലഭ്യമാക്കിയെങ്കിലും ഇതുവരെ ഇതിനാവശ്യമായ ഫണ്ട് ഡി.ഡി.-ക്ക് ലഭ്യമായിട്ടില്ല. അതിന് അവർ പറയുന്ന കാരണം, ഇപ്പോൾ ബസ് വാങ്ങുന്നത് BAMS (Budget Allocation&Monitoring System) എന്ന സംവിധാനം വഴിയാണ്. ബാംസിൽ ഇതിലേയ്ക്കായി പത്തുകോടി രൂപയാണ് ഒരു വർഷത്തെ അലോക്കേഷൻ. എന്നാൽ ഇവിടെ ഇടയ്ക്ക് 50 ലക്ഷം, 1 കോടി, 2 കോടി രൂപ എന്ന ക്രമത്തിൽ അനുവദിച്ച്, ഈ പണമെല്ലാം മുമ്പ് വാങ്ങിയ ബസിന്റെ കടം വീട്ടുന്നതിനാണ് വിനിയോഗിക്കുന്നത്. ഇപ്പോൾ ബസുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിയാലും മൂന്നുംആറും മാസംകൂട്ടുമ്പോൾ ബസ്സുകളുടെ വില വർധിക്കുകയും വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റുപ്രകാരമുള്ള

അപേക്ഷ സമർപ്പിക്കേണ്ടതായുംവരുന്ന പ്രതിസന്ധിയുണ്ട്. നിലവിൽ ബസ്സുകാരിൽനിന്നും ഒരു ക്വട്ടേഷൻ വാങ്ങിയതിനുശേഷമാണ് അപേക്ഷിക്കുന്നത്. അതിനാൽ വീണ്ടും കാലദൈർഘ്യം വരുത്തിയാൽ വീണ്ടും ബസിന്റെ വില കൂടുന്നതിനിടവരും. ഇങ്ങനെ ബസ്സിന്റെ വില കൂടിയതു കാരണം മൂന്ന് ബസ്സുകൾ വാങ്ങാൻ കഴിയാത്ത സാഹചര്യം കഴിഞ്ഞ ടേമിലുമുണ്ടായിട്ടുണ്ട്. ആ സമയത്ത് കോവിഡുമായി ബന്ധപ്പെട്ട വിഷയങ്ങളുള്ളതിനാൽ അതങ്ങനെ പോട്ടെന്നുവച്ചു. അതിൽപ്പെട്ട ഒരു സ്കൂളിനാണ് ഇപ്പോൾ ബസ് അനുവദിച്ചത്. ഇവിടെ കാണേണ്ട ഒരു വിഷയം എം.പി. ഫണ്ടിൽ ബസ് അനുവദിച്ചാൽ മൂന്ന് മാസംകൊണ്ട് ബസ് നിരത്തിലിറങ്ങും. തൊട്ടടുത്ത സ്കൂളിൽ ബസ് വാങ്ങുന്ന കാര്യം എം.എൽ.എ.-മാർ ഏൽക്കും. ഞങ്ങൾ ഉറപ്പുനൽകുന്ന ബസ്സിന്റെ കാര്യം ഒന്നൊന്നര കൊല്ലമായി റെക്കോർഡിൽ നിൽക്കുകയാണ്. എം.പി. ഫണ്ടിൽ എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് എം.പി.-മാർക്ക് നൽകുന്ന പണം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് അതതു വർഷം കൈമാറുകയാണ്. ഇവിടെ എല്ലാ വർക്കിലും അങ്ങനെ കൈമാറണമെന്ന്

ഞങ്ങൾ പറയുന്നില്ല, കാരണം അത് പ്രായോഗികമല്ല. കാരണം പ്രവൃത്തി കഴിഞ്ഞ് ബിൽ വരുമ്പോൾ ബില്ലിന്റെ മുൻഗണനയനുസരിച്ച് പണം കൊടുത്താൽ മതിയാകും. എന്നാൽ ബസ് അങ്ങനെയല്ല. ആദ്യം പണം അടച്ചിട്ടേ വാങ്ങാൻ കഴിയൂ. അതുകൊണ്ട് ഈ സബ്മിഷൻ ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങൾക്കും വേണ്ടിയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലിസ്റ്റിൽ വന്നപ്പോൾത്തന്നെ അപ്പുറത്തുമിപ്പുറത്തുമുള്ള പത്ത് എം.എൽ.എ.-മാരെങ്കിലും ഈ വിഷയം എന്നോട് പറയുകയുണ്ടായി. ആ അംഗങ്ങളുടെ പേരൊന്നും ഞാൻ പറയുന്നില്ല. അതിൽ നിങ്ങളുടെ ഭാഗത്തുനിന്നുമുള്ള മന്ത്രിമാരുമുൾപ്പെടുന്നുണ്ട്. ഒരു സ്കൂളിൽ ഒരു പരിപാടിക്ക് പോകുമ്പോഴാകും സ്കൂൾ അധികാരികൾ ഒരു ബസ് വേണമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത്. എം.എൽ.എ. ഫണ്ടിൽനിന്നും ബസ് വേണമെന്ന ആവശ്യം ഞങ്ങൾ അംഗീകരിച്ചാലും ആ പ്രഖ്യാപനം ഇപ്പോഴും നടപ്പാക്കാതെ നിൽക്കുകയാണ്. ഇപ്പോഴുള്ള പ്രശ്നം ബാംസിൽ ഫണ്ടില്ലെന്നുള്ളതാണ്. എല്ലാവർക്കുംവേണ്ടി ഞാൻ ആവശ്യപ്പെടുന്ന കാര്യം പത്തുകോടി രൂപ അടിയന്തരമായി ബാംസിന് അനുവദിക്കുകയും അതിൽ

ആദ്യത്തെ രണ്ട് ബസ്സുകൾ മണ്ണാർക്കാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ ഇവിടെ പറഞ്ഞ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇവരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2023-24-ൽ ഗവൺമെന്റ് യു.പി.എസ്. ചളവ, ഗവൺമെന്റ് എൽ.പി.എസ്. അരിയൂർ എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനായി 44,660,98 രൂപ നടപ്പു ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ട് 09-08-2024-ൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ബസ് വാങ്ങുന്നതിന് എല്ലാ സാമ്പത്തിക വർഷവും ബജറ്റിൽ പത്തു കോടി രൂപ അതിന്റെ ഹെഡിൽ അനുവദിക്കാറുണ്ട്. ഈ വർഷവും പ്രസ്തുത തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പരിധിയിൽക്കൂടുതൽ തുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട നിയന്ത്രണാധികാരികളുടെ ആവശ്യപ്രകാരം ധനകാര്യ വകുപ്പ് ബജറ്റ് വിഭാഗം സീലിങ് ഉയർത്തിനൽകാറുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മുഖ്യ നിയന്ത്രണാധികാരിയായ, മേൽ

ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പത്തു കോടി രൂപയും നിലവിലുള്ള അലോക്കേഷൻ പരിധിയായ 42 ശതമാനം തുകയും അനുവദിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായാണ് അലോക്കേഷൻ വർധിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർമാർക്കറിയാമല്ലോ? 4.2 കോടി രൂപ പൂർണ്ണമായും നൽകിയിട്ടുള്ളതാണ്. നാളിതുവരെ 1.71 കോടി രൂപ മാത്രമാണ് ഇതിൽ ചെലവഴിച്ചിട്ടുള്ളതായി കാണുന്നത്. ബന്ധപ്പെട്ട ശീർഷകത്തിന്റെ സീലിങ് ഉയർത്തണമെന്ന അപേക്ഷ ബന്ധപ്പെട്ട നിയന്ത്രണാധികാരികളിൽനിന്നും ധനവകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് മേൽ സ്കൂളുകൾക്ക് ബസ് വാങ്ങിക്കുന്നതിന് അനുവദിച്ച തുക മാറി നൽകുന്നതിനുവേണ്ട ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ഉയർന്നുവന്ന ചില പ്രായോഗിക അനുഭവത്തിന്റെയുംകൂടി അടിസ്ഥാനത്തിൽ പ്രത്യേകമായി, അക്കാര്യത്തിൽ ശ്രദ്ധിച്ച് നടപടികൾ വേഗത്തിലാക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യാവുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഫണ്ടില്ലന്നാണ് പറയുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങയുടെ രണ്ട് ബസ്സുകൾക്ക് അനുവാദം നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്.

**കുന്നത്തൂർ വില്ലേജുകൾ താലൂക്കിന് കീഴിൽ കൊണ്ടുവരുന്നതിന് നടപടി**

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, എന്റെ മണ്ഡലമായ കുന്നത്തൂർ മണ്ഡലത്തിലെ വിവിധ താലൂക്കുകളിൽ എഴ് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. മൈനാഗപ്പള്ളി, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, കുന്നത്തൂർ, ശാസ്താംകോട്ട, പടിഞ്ഞാറെക്കല്ലട എന്നിവയാണ് അവ. എന്നാൽ കൊല്ലം താലൂക്കിൽപ്പെട്ട മൺറോതുരുത്തും കിഴക്കേ കല്ലടയും കൊട്ടാരക്കര താലൂക്കിൽപ്പെട്ട പവിത്രേശ്വരം വില്ലേജും മൂന്നു താലൂക്കുകളിലായി സ്ഥിതിചെയ്യുകയാണ്. അവയെ കുന്നത്തൂർ താലൂക്കിൽ ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്നതാണ് ഗവൺമെന്റിന്റെ പോളിസി. എന്നാൽ താലൂക്ക് രൂപീകരിച്ചതിനുശേഷം ഈ മൂന്ന് പഞ്ചായത്തുകളും വർഷങ്ങളായി കുന്നത്തൂർ മണ്ഡലത്തിലെ മൂന്നു താലൂക്കുകളിലായിപ്പോയി. പ്രസ്തുത വിഷയം അടിയന്തരമായി ശ്രദ്ധിച്ച് ഈ മൂന്നു വില്ലേജുകൾ (മൺറോ തുരുത്ത്, കിഴക്കേ കല്ലട, പവിത്രേശ്വരം) കൂടി കുന്നത്തൂർ താലൂക്കിൽ കൊണ്ടുവന്നാൽ വളരെ നന്നായിരിക്കും. അതുമാത്രമല്ല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് കഴിഞ്ഞുവേണം വെട്ടിക്കവല ബ്ലോക്കിൽ പോകേണ്ടത്. ഇതൊരു അശാസ്ത്രീയമായ രീതിയാണ്.

അതിനാൽ പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രസ്തുത വിഷയത്തിൽ ഒരു ഏകീകരണമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട രണ്ടു മന്ത്രിമാരും ഇടപെടണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ സീനിയറായിട്ടുള്ള അംഗമായതുകൊണ്ട് എന്റെ വകുപ്പ് ഞാൻ പറയാം. മറ്റു വകുപ്പിനെക്കുറിച്ച് പറയാൻ എനിക്ക് കഴിയില്ല. അദ്ദേഹം ഉന്നയിച്ചത് താലൂക്ക്/വില്ലേജ് തലത്തിലെ സൗകര്യപ്രദമായ ഒരു ഭരണ സംവിധാനത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കുന്നത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പത്ത് വില്ലേജുകളുണ്ട്. ഇതിൽ ഏഴ് വില്ലേജുകൾ കുന്നത്തൂർ താലൂക്കിലും മൺറോ തുരുത്തും കിഴക്കേ കല്ലടയും കൊല്ലം താലൂക്കിലും പവിത്രേശ്വരം വില്ലേജ് കൊട്ടാരക്കര താലൂക്കിലുമാണ് നിലനിൽക്കുന്നത്. കുന്നത്തൂർ മണ്ഡലത്തിലെ പത്ത് വില്ലേജുകളും കുന്നത്തൂർ താലൂക്കിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്. പ്രസ്തുത വിഷയം സംബന്ധിച്ച് നേരത്തെതന്നെ ജില്ലാ

കളക്ടറോട് റിപ്പോർട്ടായി ആവശ്യപ്പെട്ടിരുന്നു. കുന്നത്തൂർ വില്ലേജിന്റെ അതിർത്തി പങ്കിടുന്ന പവിത്രേശ്വരം വില്ലേജ് പരിധിയിൽനിന്നും ആസ്ഥാനമായ കൊട്ടാരക്കരയിലേയ്ക്ക് ഏകദേശം 27 കി.മീ. ദൂരത്താണ് സ്ഥിതിചെയ്യുന്നത്. മൺറോ തുരുത്ത്, കിഴക്കേ കല്ലട വില്ലേജ് എന്നിവയും പരിധിയിൽനിന്നും ആസ്ഥാനമായ കൊല്ലത്തേയ്ക്ക് 25 കി.മീ ദൂരത്താണ് സ്ഥിതിചെയ്യുന്നത്. ദൂരക്കൂടുതൽ കാരണം ഈ വില്ലേജുകളിലെ പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് ആസ്ഥാനത്തെത്തിച്ചേരുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്നുവെന്നുള്ളതും ശരിയാണ്. ടി വില്ലേജുകളിൽനിന്ന് കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനമായ ശാസ്താംകോട്ടയിലേയ്ക്കെത്തുന്നതിന് 10 കി.മീ. താഴെ ദൂരം മാത്രമേയുള്ളൂ. ഈ സാഹര്യത്തിൽ പ്രസ്തുത മൂന്ന് വില്ലേജുകളും കുന്നത്തൂർ താലൂക്ക് പരിധിയിലേയ്ക്ക് മാറ്റുന്നത് പൊതുജനങ്ങൾക്കേറെ പ്രയോജനകരവും സൗകര്യപ്രദവുമാണ്. കൂടാതെ ഇലക്ഷൻ സമയത്ത് ഈ മൂന്ന് വില്ലേജുകളിലെ ജീവനക്കാർക്ക് ഇലക്ഷൻ സംബന്ധമായ ആവശ്യങ്ങൾക്ക് കുന്നത്തൂർ താലൂക്ക് ആസ്ഥാനത്തേയ്ക്കും ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് യഥാക്രമം

കൊട്ടാരക്കര, കൊല്ലം താലൂക്ക് ആസ്ഥാനത്തേയ്ക്കും പോകേണ്ടതായി വരുന്നുണ്ട്. ആയത് ഓഫീസ് സംവിധാനത്തെയും ബാധിക്കുന്നു. കൂടാതെ, ചാർജ് ഓഫീസർമാർക്ക് വില്ലേജുകളിൽ പോകുന്നതിനും പരിശോധനകൾ നടത്തുന്നതിനും വില്ലേജ് ഓഫീസർമാർക്കും ജീവനക്കാർക്കും മീറ്റിംഗുകൾക്കും മറ്റുമായി താലൂക്ക് ഓഫീസുകളിലെത്തുന്നതിനും ദൂരക്കൂടുതൽ ബാധിക്കുന്നുണ്ട്. കൊല്ലം താലൂക്ക് പരിധിയിൽ ആകെ 31 വില്ലേജുകളും കൊട്ടാരക്കര താലൂക്ക് പരിധിയിൽ ആകെ 27 വില്ലേജുകളുമാണുള്ളത്. ഈ സാഹചര്യത്തിൽ കുന്നത്തൂർ താലൂക്കിൽ ആകെ ഏഴ് വില്ലേജുകൾ മാത്രമേയുള്ളൂ. ഏഴുവില്ലേജുകൾ മാത്രമുള്ള കുന്നത്തൂർ താലൂക്കിലേയ്ക്ക് മൂന്നു വില്ലേജുകൾകൂടി കൂട്ടിച്ചേർക്കുന്നത് ബന്ധപ്പെട്ട മൂന്നു താലൂക്കുകൾക്കും ഭരണപരമായി സൗകര്യപ്രദമായിരിക്കും. താലൂക്ക് വികസന സമിതിയും ഇതേ ആവശ്യം പലതവണ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. പൊതുജനങ്ങൾ നിരന്തരം ആവശ്യപ്പെട്ടതിനാലും ഭരണസൗകര്യാർത്ഥം സേവനങ്ങൾ പൊതുജനങ്ങളിൽ വേഗത്തിലെത്തിക്കാൻ കഴിയുമെന്നതിനാലും ബഹുമാനപ്പെട്ട അംഗം തുടർച്ചയായി റവന്യൂ അസംബ്ലികളിൽ ഉന്നയിക്കുന്ന പ്രശ്നമായതിനാലും പവിത്രേശ്വരം, കിഴക്കേ

കല്ലട, മൺറോ തുരുത്ത് എന്നീ വില്ലേജുകൾ കുന്നത്തൂർ താലൂക്ക് പരിധിയിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചൊരു നിർദേശം നൽകാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. ഈ നിർദേശം ഉചിതമാണെന്ന് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും നിയമപരമായി ഒരു പ്രൊപ്പോസൽ വാങ്ങി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിച്ച് ഉചിതമായ നടപടി വേഗതയിൽ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

## കോതമംഗലത്തെ വന്യമൃഗ ശല്യം

ശ്രീ. ആന്റണി ജോൺ: സർ, വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലടക്കം ഈ വിഷയം നിരവധിപ്രാവശ്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളായ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കീരമ്പാറ, ഇടുക്കി ജില്ലയോട് ചേർന്നുള്ള കവളങ്ങാട് അടക്കമുള്ള അഞ്ച് പഞ്ചായത്തുകളിൽ ഇന്ന്

വന്യമൃഗശല്യം രൂക്ഷമയി തുടരുകയാണ്. നിരവധി ജീവനുകളാണ്, അവരുടെ പേര് ഇവിടെ ആവർത്തിക്കുന്നില്ല. കഴിഞ്ഞ സഭയിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്. വാരിയത്തെ കാശിരാമൻ മുതൽ ഏറ്റവുമൊടുവിൽ മാവലക്കണ്ടത്ത് പ്രിയപ്പെട്ട വിജിൽ അടക്കം 9 പേരുടെ ജീവനാണ് വന്യമൃഗ ആക്രമണംമൂലം നഷ്ടപ്പെട്ടിട്ടുള്ളത്. നിരവധിപേർ ഗുരുതരമായ പരിക്കേറ്റ് ഇന്നും ചികിത്സയിൽ കഴിയുകയാണ്. അതിൽ വനംവകുപ്പ് വാച്ചർമാരടക്കമുണ്ട്. കഴിഞ്ഞ കുറച്ചു ദിവസത്തെ അനുഭവം പരിശോധിച്ചാൽ, കോട്ടപ്പടിയിൽത്തന്നെ കോട്ടപ്പടി വടക്കും ഭാഗത്തെ ശ്രീ. പി. കെ. അവറാച്ചന് രാവിലെ റബ്ബർ ടാപ്പിങ് ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ആനക്കൂട്ടം ആക്രമിച്ച് ഗുരുതരമായി പരിക്കേറ്റത്. കോട്ടപ്പടിയിൽത്തന്നെ വടക്കും ഭാഗത്ത് ബസ് സ്റ്റോപ്പിൽനിന്നും വീട്ടിലേയ്ക്ക് പോകുന്ന വഴിക്കാണ് ശ്രീ. വർഗ്ഗീസ് എന്നുപറയുന്ന മറ്റൊരു വ്യക്തിക്ക് ആനയുടെ ആക്രമണത്തിൽ ക്രൂരമായി പരിക്കേറ്റത്. അതോടൊപ്പം തട്ടേക്കാടുനിന്നും പുന്നേക്കാട് റോഡിലൂടെയുള്ള യാത്രയിലാണ് ശ്രീ. കെ. ഡി. സജി എന്നയാളിനും സമീപനാളുകളിൽ ആനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റത്. ഇതിനുപുറമെയാണ് ഞാൻ ആദ്യം സൂചിപ്പിച്ച വനം വകുപ്പ് വാച്ചർമാരും. അങ്ങനെ നിരവധിയാളുകൾ വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഗുരുതരമായി

പരിക്കേറ്റ് ഇന്നും കഴിയുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി പ്രാവശ്യം പ്രസ്തുത വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനാൽ പ്രതിരോധ പ്രവർത്തനങ്ങളടക്കം ധാരാളം മാർഗങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും ഇപ്പോൾ ചെയ്തുവരുന്നുണ്ട്. നമ്മൾ നേരത്തെ കണ്ടതിൽനിന്നൊക്കെ വ്യത്യസ്തമായി, ഇതുവരെ വന്യമൃഗ സാന്നിധ്യമില്ലാതിരുന്ന പല പ്രദേശങ്ങളിലും വന്യമൃഗ സാന്നിധ്യം വർധിച്ചുവരികയാണ്. ഇപ്പോൾ പല മേഖലയിലും വന്യമൃഗ സാന്നിധ്യത്തിന് രാപകൽ വ്യത്യാസമില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. എപ്പോൾ വേണമെങ്കിലും വന്യമൃഗത്തിന്റെ ആക്രമണം ഉണ്ടാകാമെന്ന പൊതുവായൊരു സാഹചര്യമാണ് ഈ മേഖലകളിലൊക്കെ കാണാൻ സാധിക്കുന്നത്. ഇന്ന് കോതമംഗലത്തെ പല പ്രദേശങ്ങളിലെയും ജനങ്ങൾ വൈകുന്നേരമായാൽ പുറത്തിറങ്ങാൻ പേടിക്കുകയാണ്. അത്യാവശ്യ ആശുപത്രി ആവശ്യം വന്നാൽപ്പോലും പുറത്തിറങ്ങാനാകാത്ത സാഹചര്യമാണ് അവിടെ സംജാതമായിരിക്കുന്നത്. അതോടൊപ്പംതന്നെ നിത്യേനയെന്നോണം വ്യാപകമായ കൃഷിനാശവുമുണ്ടാകുന്നുണ്ട്. എന്റെ കയ്യിൽ ഒട്ടേറെ പത്രവാർത്തകളുണ്ട്. (ചില പത്രങ്ങൾ ഉയർത്തിക്കാണിച്ചു.)

നിത്യേന വരുന്ന വാർത്തകൾ പരിശോധിക്കുമ്പോൾ വന്യമൃഗവുമായി ബന്ധപ്പെട്ട് വ്യാപകമായുണ്ടാകുന്ന കൃഷിനാശത്തിന്റെ ഉൾപ്പെടെയുള്ള വാർത്തകൾ കാണാവുന്നതാണ്. എല്ലാ മേഖലയിലും കർഷകന്റെ കണ്ണീരും നിലവിളിയുമാണ് കാണാനാകുന്നത്. അവിടത്തെ പല മേഖലയിലെയും ജനങ്ങൾക്ക് രാത്രിയായാൽ ഉറക്കമില്ല. ആനകളെ ആട്ടിയോടിച്ച് വനം കയറ്റുന്നതിനായി വനം വകുപ്പുദ്യോഗസ്ഥരോടൊപ്പം ചേർന്ന് നാട്ടുകാരും പ്രവർത്തിക്കുകയാണ്. അങ്ങനെ ഗുരുതരമായ സാഹചര്യത്തിലൂടെയാണ് ആ നാട് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ നല്ല നിലയിലുള്ളൊരു ഇടപെടൽ... ഇപ്പോൾ കുറെയേറെ പ്രവർത്തനങ്ങൾ... അവിടെ ഒരു ആർ.ആർ.ടി. പ്രഖ്യാപിച്ചിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ഇത് ശ്രദ്ധക്ഷണിക്കലല്ല. സബ്മിഷനാണ് അവതരിപ്പിക്കുന്നത്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ അവസാനിപ്പിക്കാം. ഇത് ഗുരുതരമായൊരു വിഷയമാണ്. കൂടുതൽ സമയമെടുക്കുന്നില്ല. ആർ.ആർ.ടി.-യുടെ സേവനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും പുതിയ

വാച്ചർമാരെ ഉൾപ്പെടെ കൂടുതൽപേരെ ഇതിലേയ്ക്ക് നിയോഗിക്കേണ്ടതുമുണ്ട്. അവിടെ പ്രഖ്യാപിച്ചുകഴിഞ്ഞ കുറെ പദ്ധതികളുണ്ട്, പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അടക്കമേറ്റെടുത്തിട്ടുള്ള വർക്കുകളുണ്ട്. സമയബന്ധിതമായി അവയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നില്ല. ട്രഞ്ച്, ഹാങിംഗ് ഫെൻസിംഗ്, ഫെൻസിംഗ് തുടങ്ങിയ വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഇടപെടലുണ്ടാകണം. അതോടൊപ്പംതന്നെ, നാശനഷ്ടമുണ്ടായിട്ടുള്ള കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനടക്കമുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നുകൂടി ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ. സൂചിപ്പിച്ചതുപോലെ, അദ്ദേഹം ഒന്നിലധികം തവണ ഈ പ്രശ്നം സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ പരിശോധനയും മറ്റ് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് രണ്ട് ആർ.ആർ.ടി.-കൾ കോതമംഗലം ഡിവിഷനിലും മൂന്ന് ആർ.ആർ.ടി.-കൾ

നേര്യമംഗലം ഡിവിഷനിലും പ്രവർത്തിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവിടെ 24 മണിക്കൂറും പ്രവർത്തനസജ്ജമായ എമർജൻസി ഓപ്പറേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെയും മറ്റും നേതൃത്വത്തിൽ നടക്കുന്ന ഏതാണ്ട് 50 കിലോമീറ്റർ നീളമുള്ള സൗരോർജ വേലിയും ആനക്കിടങ്ങുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് ഒരു റിവ്യൂ നടത്തുന്നതിന് ഗവൺമെന്റിന് താൽപ്പര്യംമാത്രമേയുള്ളൂ.

ആ ഭാഗത്തെ ഒരു പ്രധാന പ്രശ്നത്തിന് പരിഹാരം കണ്ടത് ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. തട്ടേക്കാട് പക്ഷിസങ്കേതത്തിൽ ഇപ്പോഴത്തെ മാപ്പിംഗ് അനുസരിച്ച് ജനവാസ മേഖലയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയതായിരുന്നു. പ്രസ്തുത മേഖലയെ പൂർണ്ണമായും ഒഴിവാക്കണമെന്ന സർക്കാരിന്റെയും സംസ്ഥാന വന്യജീവി ബോർഡിന്റെയും

ശിപാർശ ഇന്നലെ ഡൽഹിയിൽ ചേർന്ന ദേശീയ വന്യജീവി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. തുടർനടപടികൾ വേഗത്തിലാക്കുകയും ചെയ്യും. അങ്ങനെ ജനകീയ പ്രശ്നങ്ങളും മനുഷ്യരുടെ പ്രശ്നങ്ങളും പരിഹരിക്കാൻ ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇനിയും കൂടുതൽ കാര്യക്ഷമതയോടുകൂടി അവ പരിശോധിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതുമാണ്.

## ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, ഈറ്റത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഗ്രാമീണ മേഖലയിലെ നൂറുകണക്കിന് കുടുംബങ്ങളുടെ ഉപജീവനമാർഗമായ പരമ്പരാഗത ഈറ്റത്തൊഴിൽ മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. മതിയായ ഈറ്റ ലഭിക്കാത്തതുമൂലം തൊഴിലാളികൾക്ക് ആവശ്യത്തിനുള്ള പണി ഈ കാലയളവിൽ ലഭിക്കുന്നില്ല. ഈറ്റ മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി 1971-ൽ ആണ് അങ്കമാലി കേന്ദ്രീകരിച്ച് ബാംബൂ കോർപ്പറേഷൻ നിലവിൽ വന്നത്. 1979-ൽ എന്റെ

മണ്ഡലത്തിലെ ആര്യനാട് കേന്ദ്രീകരിച്ച് ഈറ്റ മേഖലയിൽ ഒരു ഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്. 1983-ൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഈറ്റ ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. മുമ്പ് പത്തനംതിട്ട ജില്ലയിലെ റാന്നി വനം റേഞ്ചിൽനിന്നാണ് ഈ പ്രദേശത്തേയ്ക്ക് ആവശ്യമായ ഈററ ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ അത് ഇപ്പോൾ മാറ്റി കോന്നി റേഞ്ചിൽനിന്ന് ഈററ ലഭിക്കുന്ന സാഹചര്യമാണുള്ളത്. ഇത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ 2 വർഷത്തിനിടയിൽ ആകെ രണ്ടോമൂന്നോ ലോഡ് ഈററയാണ് കോന്നിയിൽനിന്നും നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത് ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിലിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്. മാത്രമല്ല, തിരുവനന്തപുരം ജില്ലയിൽ മാത്രം ആയിരത്തോളം രജിസ്റ്റേർഡ് തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. ഈറ്റത്തൊഴിലാളികൾ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് ജി.എസ്.റ്റി. ഏർപ്പെടുത്തിയിട്ടുള്ളതും ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ട് അവരെ ജി.എസ്.റ്റി.-യിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭിക്കുന്നില്ലെന്ന പരാതി, ബാംബൂ കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി നിലനിൽക്കുന്നുണ്ട്. ഇത് ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ്. ഈ അടുത്ത കാലത്തായി ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. ഇത് തൊഴിലാളികളുടെ ലഭിക്കുന്ന ആനുകൂല്യങ്ങൾതന്നെ കൃത്യമായി നൽകുന്നതിന് വലിയ തടസ്സമുണ്ടാക്കും. ഈറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതോടൊപ്പം ഈറ്റക്കാടുകൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വനം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ പനമ്പ്, നെയ്ത്ത്, ഈറ്റവെട്ട്, ലോഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഈ കാലഘട്ടത്തിലെ ദുരിതപൂർണ്ണമായ ജീവിതത്തിന് പരിഹാരം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

ഇവർക്ക് 66 മാസത്തെ ഡി.എ. കുടിശ്ശികയുണ്ടെന്നാണ് അവർ അഭിപ്രായപ്പെടുന്നത്. അതുപോലെത്തന്നെ അടഞ്ഞുകിടക്കുന്ന ഡിപ്പോകൾ

തുറന്ന് പ്രവർത്തിക്കാത്തതുകാരണം ക്ഷേമനിധിയിലേയ്ക്കുള്ള അവരുടെ വിഹിതം കളക്റ്റ് ചെയ്യുന്നതിനുള്ള സൗകര്യവും നിലവിലില്ല. ഏറ്റവും പ്രധാനമായും ഞാൻ ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. റാന്നി റേഞ്ചിൽനിന്നും ഈറ ലഭ്യമാകുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടായാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നുള്ളതാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. വളരെ കഷ്ടപ്പെടുന്ന ഈ തൊഴിലാളികളുടെ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കുന്നതിന് ബഹുമാന**ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**പ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായൊരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ആകെ നാല് കാര്യങ്ങളാണ് അദ്ദേഹം തന്റെ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

ഈറ്റയുടെ കാര്യത്തിൽ പത്തനംതിട്ട ഡിവിഷനിലെ, റാന്നിയിൽനിന്ന് നേരത്തെ നൽകിയതുപോലൊരു സംവിധാനമുണ്ടാകണമെന്നതാണ് ആദ്യത്തെ ആവശ്യം. ഈ മേഖലയിൽ പ്രശ്നങ്ങൾ വരുന്ന ഘട്ടത്തിലെല്ലാംതന്നെ വനം വകുപ്പുമന്ത്രിയും ഞാനും ഉദ്യോഗസ്ഥരും ചേർന്ന് യോഗം ചേരാറുണ്ട്. വനം വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്തതിനാൽ ഇതിന്റെ ക്ലോഷർ പിരീഡിലും ഈറ്റ നൽകുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട ഡിവിഷനിൽനിന്ന് ഈറ്റ വെട്ടുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. അത് കിട്ടുന്ന മുറയ്ക്ക് അദ്ദേഹം പറഞ്ഞ പത്തനംതിട്ട, തിരുവനന്തപുരം മേഖലയിലുള്ള ഈറ്റ ക്ഷാമം പരിഹരിക്കാൻ സാധിക്കും.

ഇപ്പോൾ നമ്മുടെ കണക്കനുസരിച്ച് 1000 തൊഴിലാളികളാണ് 20 മെട്രിക് ടൺ ഈറ്റ ആഴ്ചയിൽ വെട്ടിയെടുക്കാൻ കഴിയുന്ന തരത്തിൽ ബാംബൂ കോർപ്പറേഷനകത്ത് എല്ലാ ഡിവിഷനിലുമായി നിലവിലുള്ളത്. ബാംബൂ കോർപ്പറേഷൻ കുറെ പ്രതിസന്ധികൾ നേരിട്ടിരുന്നു. ജി.എസ്.റ്റി. ഏർപ്പെടുത്തിയത് അതിലൊരു പ്രശ്നമായിരുന്നു. അതിപ്പോഴും തുടരുകയാണ്.

അതിന്റെ അടിസ്ഥാനത്തിൽ ഇടയ്ക്ക് അത് ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടു. ജി.എസ്.റ്റി. സസ്പെൻഷൻ ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രസ്തുത സസ്പെൻഷൻ ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിച്ചു. അതിനുവേണ്ടി ഗവൺമെന്റ് പ്രത്യേകമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. നമുക്ക് മാത്രമായി തീരുമാനമെടുക്കാൻ കഴിയുന്ന കാര്യമല്ല ഇത്. ജി.എസ്.റ്റി. ഒഴിവാക്കണമെന്ന കാര്യം ജി.എസ്.റ്റി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നിർദേശം സർക്കാർ സംസ്ഥാന നികുതി കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

നേരത്തെ, ഡി.എ. നൽകിക്കൊണ്ടിരുന്നത് ബാംബൂ കോർപ്പറേഷൻ വഴിയാണ്. ബാംബൂ കോർപ്പറേഷൻ പ്രതിസന്ധി ഘട്ടങ്ങളിൽ ഈറ്റ വെട്ടുന്ന തൊഴിലാളികൾക്കും നെയ്യുന്ന തൊഴിലാളികൾക്കും ഡി.എ.-യുടെ കാര്യത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് ആദ്യമായി ഈ വർഷം നേരിട്ട് വ്യവസായ വകുപ്പുവഴിതന്നെ ഈറ്റത്തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകാനാനായി 45 ലക്ഷം രൂപ അനുവദിച്ചു. അതിന്റെ ആദ്യഗഡുവായി 5,72,905/- രൂപ അനുവദിച്ചിട്ടുണ്ട്. മറ്റുകാര്യങ്ങൾ

പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആ മേഖലയിലെ തൊഴിലാളികളുമായി കൂടിയാലോചനകൾക്കൂടി നടത്തുന്നതായിരിക്കും.

## ചുണങ്ങംവേലിയിലെയും കീഴ്മാട് മഹിളാലയം ജംഗ്ഷനിലെയും ബാറുകൾ മാറ്റുന്നതിന് നടപടി

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ കീഴ്മാട് മഹിളാലയം ജംഗ്ഷനിലും ഇടത്തല ചുണങ്ങംവേലിയിലും പുതിയതായി രണ്ട് ബാറുകൾ തുടങ്ങിയിട്ടുണ്ട്. ഈ ബാറുകൾ ഒരു കാരണവശാലും ഈ പ്രദേശത്ത് അനുവദിക്കാൻ പാടില്ലാത്തതായിരുന്നു. അതിന് വ്യക്തമായ കാരണമുണ്ട്. കീഴ്മാട് മഹിളാലയം ജംഗ്ഷനിലുള്ള ബാറിന്റെ സമീപം ആരാധനാലയങ്ങളുണ്ട്, അതുകൂടാതെ അതിന്റെ എൻട്രൻസിലൂടെയാണ് ഏകദേശം രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന മഹിളാലയം എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്ക് കുട്ടികൾ പോകുന്നത്. അവിടത്തെ ജനങ്ങൾ വലിയ പരിഭ്രാന്തിയിലാണ്.

കുട്ടികൾ പഠിക്കാൻ പോകുമ്പോൾ നേരെ കാണുന്നത് ബാറിനെയാണ്. ഇതൊക്കെ കുട്ടികളിൽ അനാവശ്യമായ പല പ്രവണതകളും.... അതിനെക്കുറിച്ച് ചിന്തിക്കാനുള്ള സാഹചര്യവുമൊക്കെയുണ്ടാക്കും. മഹിളാലയം ജംഗ്ഷനിലെ ഈ ബാറിന് സമീപം ആരാധനാലയങ്ങളും ഇങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്.

ഇതുപോലെതന്നെയാണ് ചുണങ്ങംവേലിയിലുള്ള ബാർ സ്ഥിതി ചെയ്യുന്നതും. അവിടെ 1600 കുട്ടികൾ പഠിക്കുന്ന സെന്റ് ജോസഫ് യു.പി. സ്കൂളുണ്ട്. പ്രസ്തുത സ്കൂളിന്റെ മതിലും ബാറുമായി കേവലം 35 മീറ്ററിന്റെ അകലമേയുള്ളൂ. പക്ഷേ, ഗേറ്റിന്റെ കാര്യം പറയുമ്പോൾ സ്വാഭാവികമായും കുറച്ച് അപ്പുറത്താണ്. അതിന്റെ ഒരു നിയമസാധുത മനസ്സിലാക്കിക്കൊണ്ടാണ് ഇങ്ങനെ അനുമതി നൽകിയത്. അവിടെയും ആരാധനാലയങ്ങളുണ്ട്. സ്കൂൾ മതിലിന്റെ 35 മീറ്റർ അപ്പുറത്താണ് ബാറുള്ളത്. അവിടെയൊക്കെ കുട്ടികൾ പഠിക്കാൻ വരുമ്പോൾ ഈ ബാറിനെ നോക്കിയാണ് വരുന്നത്.

മദ്യ ഉപയോഗം കുറയ്ക്കുന്നതിനായി നമ്മൾ പ്രചരണങ്ങൾ നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വലിയ

പ്രചരണം ഏറ്റെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർ ശരിക്ക് ചെയ്യേണ്ടത്, ഇത് മനസ്സിലാക്കിക്കൊണ്ട് അവിടെ ബാർ അനുവദിക്കാൻ പാടില്ലായിരുന്നു. ഇതിനെതിരായി ചുണങ്ങംവേലിയിൽ സമരം നടത്തിയപ്പോൾ ആ ബാറിൽനിന്നുതന്നെ മദ്യപിച്ചുകൊണ്ട് ഒരാൾ സമരപ്പന്തലിലേയ്ക്ക് വന്ന് ബഹളമുണ്ടാക്കുകയും മൈക്ക് വലിച്ചെറിയുകയും അവിടെയുണ്ടായിരുന്നവരെ ഉപദ്രവിക്കുകയും ചെയ്തു. ജനപ്രതിനിധികളും കന്യാസ്ത്രീകളും ഉൾപ്പെടെയുള്ളവർ സമരപ്പന്തലിൽ ഇരിക്കുമ്പോഴാണ് ഇത്തരത്തിലുള്ള അതിക്രമം നടന്നത്. ബാർ ഉടമകൾതന്നെ ഇങ്ങനെ ചെയ്യിച്ചതാണെന്ന് എനിക്ക് തോന്നുന്നു. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതും സ്ഥലവാസികൾ നിവേദനം തന്നതുമാണ്. ആയതിനാൽ ഇത്തരത്തിലുള്ള സംഭവങ്ങളെല്ലാമുണ്ടാകുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെടുകയും ഞാൻ ഉന്നയിച്ച വസ്തുതകൾ പരിശോധിച്ച് മാനുഷിക പരിഗണന നൽകിക്കൊണ്ട് ഇവിടെ സൂചിപ്പിച്ച രണ്ട് ബാറുകളുടെയും ലൈസൻസ് റദ്ദാക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലെ ആവശ്യം.

ഞാൻ ഇതുവരെ പറഞ്ഞത് ഒരു വ്യവസായ മേഖല ഉണ്ടാക്കുന്ന പ്രശ്നത്തെക്കുറിച്ചാണ്. ഹോട്ടൽ മേഖലയിലടക്കം നിറഞ്ഞുനിന്ന ഇന്ത്യൻ വ്യവസായരംഗത്തെ കുലപതിയായ രത്തൻടാറ്റ ഇന്ന് പുലർച്ചെ മരണപ്പെടുകയുണ്ടായി, അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ പ്രണാമമർപ്പിക്കുന്നു. അദ്ദേഹം സാധാരണക്കാർക്കുവേണ്ടി നിലകൊണ്ട ഒരു കോർപ്പറേറ്റ് ആയിരുന്നു. അദ്ദേഹത്തെപ്പോലെ ബിസിനസ്സിലെ എത്തിക്സ് മനസ്സിലാക്കുകയും മാതൃകയാക്കുകയും ചെയ്തിരുന്നെങ്കിൽ ഹോട്ടൽ ഗ്രൂപ്പിലെ ആളുകൾക്ക് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഒരിക്കലും തുടങ്ങാൻ സാധിക്കില്ലായിരുന്നു എന്ന കാര്യംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനത്തെ ബാർ ലൈസൻസുകൾ/ FL-3 ലൈസൻസുകൾ അനുവദിക്കുന്നത് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയം അനുവദിക്കുന്ന 'ത്രീ സ്റ്റാർ'-ഉം അതിനുമുകളിലും ക്ലാസിഫിക്കേഷനുകളുള്ള ബാറുകൾക്ക് മാത്രമാണ്. എറണാകുളം ജില്ലയിൽ എടത്തല ഗ്രാമപഞ്ചായത്തിൽ ചുണങ്ങംവേലിയിൽ പ്രവർത്തിക്കുന്ന VKJ INN എന്ന

സ്ഥാപനത്തിന് 11-07-2024-ലും കീഴ്മാട് പഞ്ചായത്തിൽ മഹിളാലയം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന PARK RESIDENCY ARCADIA എന്ന സ്ഥാപനത്തിന് 13-06-2024-ഉം ആണ് പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. ഇവ രണ്ടും 'ഫോർ സ്റ്റാർ' ക്ലാസിഫിക്കേഷൻ പദവി ലഭിച്ചിട്ടുള്ള ഹോട്ടലുകളാണ്. വിദേശമദ്യ ചട്ടം അനുസരിച്ച് ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതിന് അത്തരം സ്ഥാപനങ്ങളുടെ ഗേറ്റിൽനിന്നും വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എന്നിവയിലേയ്ക്ക് 50 മീറ്റർ ദൂരമുണ്ടാകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എടത്തല ഗ്രാമപഞ്ചായത്തിൽ ചുണങ്ങംവേലിയിൽ പ്രവർത്തിക്കുന്ന VKJ INN എന്ന സ്ഥാപനത്തിന്റെ തൊട്ടടുത്തുള്ള സെന്റ് ജോസഫ് യു.പി. സ്കൂളിന്റെ ഗേറ്റിൽനിന്നും ഹോട്ടലിന്റെ ഗേറ്റിലേയ്ക്ക് 90 മീറ്റർ ദൂരവും കീഴ്മാട് ഗ്രാമപഞ്ചായത്തിൽ മഹിളാലയം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന PARK RESIDENCY ARCADIA എന്ന സ്ഥാപനത്തിന്റെ തൊട്ടടുത്തുള്ള തോട്ടുമുഖം ജുമാമസ്ജിദ് കിഴക്കേപ്പള്ളിയിലേയ്ക്ക് ഹോട്ടലിന്റെ ഗേറ്റിൽനിന്നും 78 മീറ്റർ

ദൂരവുമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ഈ സ്ഥാപനങ്ങൾക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത് നിയമപരമായിട്ടാണ്. പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ സമീപത്തായി നിലവിൽ പ്രതിഷേധങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഇളവ്</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഒരു കുടുംബത്തിന്റെ ജീവിതാവസ്ഥ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ആ കുടുംബത്തെ ഉദ്ദേശിച്ചുമാത്രമല്ല, സംസ്ഥാനത്തെ സമാനമായ മറ്റ് കുടുംബങ്ങളുടെ അവസ്ഥകൂടി സൂചിപ്പിക്കാനാണ്. അശമന്നൂർ പഞ്ചായത്തിലെ ചന്ദ്രലേഖ എന്ന സ്ത്രീയും കുടുംബവും താമസിക്കുന്നത് ഒരു ചെറിയ കുടിലിലാണ്. രണ്ട് കുട്ടികളും ഹൃദ്രോഗിയായ ഭർത്താവും മാനസിക വെല്ലുവിളി നേരിടുന്ന സഹോദരനുമാണ് ഒപ്പമുള്ളത്. ഈ ചെറിയ കുടിലിൽ താമസിക്കുന്ന അവർക്ക് പട്ടയമുള്ള രണ്ട്

സെന്റ് ഭൂമി സ്വന്തമായുണ്ട്. ഇതിനോടനുബന്ധിച്ച മൂന്ന് സെന്റ് ഭൂമി പെരിയാർവാലിയുടെ പുറമ്പോക്കാണ്. രണ്ട് സെന്റ് സ്ഥലം മാത്രമുള്ളതുകൊണ്ട് പഞ്ചായത്തിൽനിന്നും ലൈഫ് പദ്ധതിയിൽപ്പെടുത്തി അവർക്ക് വീട് ലഭ്യമായെങ്കിലും അതിന്റെ നിർമ്മാണം നടത്താൻ സാധിക്കുന്നില്ല. വീട് നിർമ്മിക്കണമെങ്കിൽ നിലവിലെ നിയമമനുസരിച്ച് മൂന്ന് സെന്റ് ഭൂമി കൈവശമുണ്ടാകണം. പെരിയാർവാലിയുടെ സ്ഥലമായതിനാൽ തൊട്ടടുത്ത 3 സെന്റിന് ഇവർക്ക് പട്ടയമില്ലാത്തതിനാൽ അതിലേയ്ക്ക് നിർമ്മാണം നടത്താനും സാധിക്കില്ല. ഈ അവസ്ഥയിൽ ആ പാവപ്പെട്ട കുടുംബം എങ്ങനെ ജീവിക്കും? ലൈഫ് പദ്ധതിയിൽ സമാനമായ ഒട്ടേറെ നിബന്ധനകളുണ്ട്. വീട് നിർമ്മിക്കുന്നതിന് 3 സെന്റ് ഭൂമി ആവശ്യമാണെന്ന നിബന്ധനയിൽനിന്നും പാവപ്പെട്ടവരെ ഒഴിവാക്കണം. നമുക്ക് സ്വന്തമായി 2 സെന്റ് ഭൂമിയുണ്ടെങ്കിൽ എങ്ങനെയെങ്കിലും പണം സംഘടിപ്പിച്ചാൽ വീട് നിർമ്മിക്കാൻ സാധിക്കും, മുൻസിപ്പാലിറ്റികളിലൊക്കെ 2 സെന്റ് ഭൂമിയിൽ വീട് നിർമ്മിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന 4 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക്

നിലവിലുള്ള 3 സെന്റ് ഭൂമി എന്നത് 2 സെന്റായി കുറയ്ക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീമതി ചന്ദ്രലേഖ, സുബിസദനം വീട്, മേത്തല, അശമന്നൂർ എന്നയാൾ എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയിൽ ഭവനരഹിതരുടെ പട്ടികയിൽ 32-ാം ക്രമനമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ശ്രീമതി ചന്ദ്രലേഖയുടെ കൈവശമുള്ള അശമന്നൂർ വില്ലേജിലെ റീസർവ്വെ നമ്പർ 327/32-ൽ ഉൾപ്പെട്ട 83 ച.മീറ്റർ ഭൂമിയുടെ ഒരുവശത്ത് അതിർത്തിയോടുചേർന്ന് PVIP (പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്) കനാൽ ബണ്ട് റോഡും മുൻവശത്തായി വണ്ടമറ്റം-ഓടക്കാലി പി.ഡബ്ല്യു.ഡി. റോഡുമാണ്. മേൽക്കാരണങ്ങളാൽ ആദ്യം തയ്യാറാക്കിയ കെട്ടിടനിർമ്മാണ പ്ലാനിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 26(4) പ്രകാരവും ചട്ടം 23, പട്ടിക മൂന്ന് പ്രകാരവും നിർമ്മാണത്തിനാവശ്യമായ സെറ്റ്ബാക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ട്. നിർമ്മാണ പ്ലാൻ ചട്ടങ്ങൾ പാലിക്കാത്തതിനാൽ

അപാകതകൾ പരിഹരിക്കേണ്ടതുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള സെറ്റ്ബാക്ക് നൽകി അപാകതകൾ പരിഹരിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ചുവരികയാണ്. ലൈഫ് ഗുണഭോക്താക്കളുടെ കെട്ടിടനിർമ്മാണ അനുമതിക്കായി ലൈസൻസികളുടെ പ്ലാനുകൾ ആവശ്യമില്ലാത്തതും സോഫ്റ്റ്വെയർ മുഖേനയല്ലാതെ അപേക്ഷകൾ നേരിട്ട് നൽകാവുന്നതുമാണ്. ഗുണഭോക്താക്കൾക്ക് കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണെന്ന് നേരത്തെതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ്മിഷൻ വെബ്സൈറ്റിൽ ലഭ്യമായ ഗുണഭോക്താക്കളുടെ വസ്തുവിന്റെ ആകൃതിക്ക് അനുയോജ്യമായ മാതൃകാ പ്ലാനുകളും ഉപയോഗിക്കാവുന്നതാണ്.

<u>തലയാഴത്ത് പുതിയ ഐ.ടി.ഐ. അനുവദിക്കൽ</u>

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കം നിയോജകമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിലേയ്ക്കായി വ്യാവസായിക പരിശീലന

വകുപ്പിന്റെ അടിയന്തര നടപടി ഉണ്ടാവണമെന്നും പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി ഐ.ടി.ഐ. അനുവദിക്കുന്നതിലേയ്ക്കുമായാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വൈക്കം എന്നത് പാർശ്വവത്കരിക്കപ്പെട്ടുപോയ പിന്നാക്ക പട്ടികജാതി വിഭാഗങ്ങളും പരമ്പരാഗത തൊഴിലാളികളും അധികമായി വസിക്കുന്ന ഒരു പ്രദേശമാണ്. ഇവരുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടുന്നതിന് വൈക്കത്തിന്റെ സമീപപ്രദേശങ്ങളിലേയ്ക്ക് പോകേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന കാര്യം അങ്ങേയ്ക്ക് ബോധ്യമുള്ളതാണ്. വൈക്കത്തിന്റെ പിന്നാക്കാവസ്ഥ മുഖവിലയ്ക്കെടുത്തുകൊണ്ട് 2016 മുതൽ അതിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യ വികസനവും മറ്റ് വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ മെച്ചപ്പെട്ട നിലവാരവും സർക്കാർ നൽകിയതിനോടൊപ്പംതന്നെ വൈക്കംകാർ ആഗ്രഹിക്കുന്നത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനംകൂടി വൈക്കത്ത് ഉണ്ടാകണമെന്നാണ്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി വ്യാവസായിക

പരിശീലന വകുപ്പിന്റെ ഒരു ഉത്തരവ് ഉണ്ടാകുകയും അക്കാര്യം വകുപ്പ് എന്നെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, വൈക്കത്ത് സമഗ്രമായ ഒരു മീറ്റിംഗ് ചേരുകയും വൈക്കം നിയോജകമണ്ഡലത്തിലെ തലയാഴം പഞ്ചായത്തിൽ ഒരു ഏക്കർ 10 സെന്റ് സ്ഥലം ഐ.ടി.ഐ. നിർമ്മിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് സർക്കാരിന് നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ആ മീറ്റിംഗിൽ നമുക്കാവശ്യമുള്ള കോഴ്സുകളെപ്പറ്റി ചർച്ചകൾ നടത്തിയതിന്റെ വിശദവിവരങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളതാണ്. മാത്രമല്ല, ഇത്തരത്തിലുള്ള ഒരു സ്ഥാപനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും വൈക്കത്ത് അനുവദിക്കേണ്ടതിന്റെ ആവശ്യകതയും അതിനുവേണ്ടി അടിസ്ഥാനസൗകര്യ വികസനങ്ങൾ ഒരുക്കുന്നതിനായി സ്വീകരിച്ച കാര്യങ്ങളുമെല്ലാംതന്നെ വ്യാവസായിക വകുപ്പിന്റെ കോട്ടയം ജില്ലയുടെ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, ഡയറക്ടർ ഓഫ് ട്രെയിനിംഗിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്. ഗവൺമെന്റ് അക്കാര്യം പരിഗണനയ്ക്കെടുത്തിട്ടുണ്ടെങ്കിലും ചില സാങ്കേതിക തടസ്സങ്ങളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വസ്തുതകളെല്ലാം

മുൻനിർത്തി ഗവൺമെന്റിന്റെ അടിയന്തരമായ ശ്രദ്ധയും ഇടപെടലുമുണ്ടാകുകയും വൈക്കം മണ്ഡലത്തിലെ കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിലേയ്ക്ക് കടന്നുവരുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നതിന് ഒരു ഐ.ടി.ഐ. പുതിയതായി അനുവദിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പല കാരണങ്ങൾകൊണ്ട് വൈക്കം മണ്ഡലത്തിന് വലിയ പ്രാധാന്യമാണ് ഗവൺമെന്റ് കൊടുക്കുന്നത്. വൈക്കം നിയമസഭാ മണ്ഡലത്തിലെ തലയാഴം ഗ്രാമപഞ്ചായത്തിൽ പുതിയ സർക്കാർ ഐ.ടി.ഐ. അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി സി. കെ. ആശ എം.എൽ.എ. പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച കത്തുപ്രകാരം 2023-24 വർഷത്തെ ബഡ്ജറ്റിലെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ട് കോട്ടയം ജില്ലയിലെ വൈക്കം നിയമസഭാമണ്ഡലത്തിലെ വൈക്കം താലൂക്കിലെ തലയാഴം ഗ്രാമപഞ്ചായത്തിൽ സർക്കാർ ഐ.ടി.ഐ. ആരംഭിക്കാനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. കോട്ടയം ജില്ലയിൽ സർക്കാർ തലത്തിൽ 5 ഐ.ടി.ഐ.കൾ നിലവിൽ പ്രവർത്തിച്ചുവരുന്നുവെന്നും എന്നാൽ വൈക്കം നിയോജകമണ്ഡലത്തിലെ തലയാഴം ഗ്രാമപഞ്ചായത്തിൽ സർക്കാർ തലത്തിൽ തൊഴിൽ പരിശീലന സ്ഥാപനങ്ങളൊന്നുംതന്നെ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും ഈ വിഷയത്തിൽ സാധ്യതാപഠനം നടത്തിയ കോട്ടയം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പുതിയ ഐ.ടി.ഐ. ആരംഭിക്കാൻ ഗ്രാമപഞ്ചായത്ത് സമിതി പാസ്സാക്കിയ റെസൊല്യൂഷന് സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും ഡി.റ്റി.ഒ. (ഡയറക്ടർ ഓഫ് ട്രെയിനിംഗ്) റിപ്പോർട്ട് ചെയ്തിരുന്നു. തലയാഴം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തലയാഴം വില്ലേജിൽ ഉൾപ്പെടുന്ന ഒരു ഏക്കർ പത്ത് സെന്റ് സ്ഥലം ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനായി ലഭ്യമാക്കാമെന്നും ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് നാട്ടുകാർക്കും നാടിനും ഉപയോഗപ്പെടുത്തുന്നതായ ട്രേഡുകളെക്കുറിച്ച് ബഹുമാനപ്പെട്ട നിയമസഭാംഗവുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മെക്കാട്രോണിക്സ്, ഇലക്ട്രീഷ്യൻ, കമ്പ്യൂട്ടർ

ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, വെൽഡർ, ഫിറ്റർ എന്നീ അഞ്ച് ട്രേഡുകളുടെ പത്ത് യൂണിറ്റുകൾ ആരംഭിക്കണമെന്നും ഐ.ടി.ഐ.-യുടെ സുഗമമായ നടത്തിപ്പിനായി 22 തസ്തികകൾ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. 22 തസ്തികകൾക്കും അടിസ്ഥാനസൗകര്യങ്ങൾക്കുമായി കോടിക്കണക്കിന് രൂപയുടെ ബാധ്യതയാണ് സർക്കാരിന് വരുന്നത്. നിലവിലെ സാമ്പത്തികബാധ്യതയിൽ സംസ്ഥാനസർക്കാരിന് അധികബാധ്യത ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ്. ശ്രീമതി സി. കെ. ആശ എം.എൽ.എ. പറഞ്ഞതുപോലെ പിന്നാക്കം നിൽക്കുന്ന പ്രദേശമെന്ന നിലയിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യമുണ്ടെന്ന എം.എൽ.എ.യുടെയും പഞ്ചായത്തിന്റെയും ശക്തമായ ആവശ്യം പരിഗണിച്ചുകൊണ്ടും പുതിയ ഐ.ടി.ഐ.കൾ സർക്കാർ അനുവദിക്കുന്ന അവസരത്തിൽ വൈക്കത്തെ ടി ഐ.ടി.ഐ.-യ്ക്ക് മുന്തിയ പരിഗണന നൽകുമെന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.